File No.FWLD-F1/119/2017-FWLD

9682
11/6/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - 21/06/1993 മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീ. കെ. വി സ്റ്റീഫനെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

G.O.(Ms)No.14/2019/F&WLD തീയതി,തിരുവനന്തപുരം, 31/05/2019

പരാമർശം:- 1 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.

2 28/12/2015 ലെ സ.ഉ.(എം.എസ്) നം. 110/2015/വനം നമ്പർ ഉത്തരവ്.

3 ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 04.03.2016-ലെ ഇ6/9299/12നമ്പർ കത്ത്.

4 24.03.2017-ലെ സ.ഉ (സാ.ധാ)നം.101/2017/വനം നമ്പർ ഉത്തരവ്.

5 ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) No. 863/2017 മേലുള്ള 01.12.2017ലെ വിധിന്യായം.

## ഉത്തരവ്

വനം വകുപ്പിൽ 01/09/2013- ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ പരാമർശം ഒന്ന്, രണ്ടിലെ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ. കെ. വി സ്റ്റീഫൻ 21/06/1993 മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്നുവെങ്കിലും 21/06/1993-ൽ ടിയാനെ ജോലിയ്ക്ക് നിയോഗിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ ടിയാനെ മേൽ രണ്ടു ഉത്തരവുകളിൽ നിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് ടിയാന്റെ സേവനം സംബന്ധിച്ച രേഖകൾ കണ്ടെത്തുകയും ടി രേഖകൾ സഹിതം വകുപ്പിൽ തന്നെ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ സർക്കാർ പരിഗണിച്ച വരവെ അപേക്ഷകൻ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) No. 1426/2016 ആയി കേസ് ഫയൽ ചെയ്യുകയും, ടിയാൻ സർക്കാരിൽ സമർപ്പിച്ച 20.08.2016 തീയതി വച്ച നിവേദനത്തിന്മേൽ, ഉത്തരവ് ലഭിച്ചു രണ്ടു മാസത്തിനകം തീരുമാനം എടുക്കുന്നതിനു ഒന്നാം എതിർകക്ഷിയായ സർക്കാരിന്

നിർദ്ദേശം നൽകി ബഹു. ട്രിബ്യൂണൽ 22.09.2016- ൽ ടി. കേസ് തീർപ്പാക്കി.

2. ബഹു ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ സമർപ്പിച്ച 20.08.2016 തീയതിയിലെ നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്ന സംബന്ധിച്ച ബഹു സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ 10.04.2006 ലെ വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ആവശ്യം നിരസിച്ചുകൊണ്ടു പരാമർശം നാല് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

3. സർക്കാരിന്റെ മേൽ നടപടിക്കെതിരെ ശ്രീ. കെ വി സ്റ്റീഫൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) No. 863/2017 ആയി വീണ്ടും കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ ബഹു. ട്രിബ്യൂണലിന്റെ പരാമർശം അഞ്ചിലെ അന്തിമ ഉത്തരവ് പ്രകാരം ടി കേസ് ബഹു. ട്രിബ്യൂണൽ തീർപ്പാക്കുകയും ചെയ്തു. ശ്രീ . കെ വി സ്റ്റീഫന്റെ ആവശ്യം നിരസിച്ചുകൊണ്ടു സർക്കാർ പുറപ്പെടുവിച്ച പരാമർശം നാലിലെ ഉത്തരവിൽ ഉമാദേവി കേസിലെ വിധി സർക്കാർ എടുത്തു പറഞ്ഞിരിക്കുന്നത് അപേക്ഷകന്റെ ആവശ്യം നിരസിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആണെന്നും, താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി പുറപ്പെടുവിച്ച പരാമർശം ഒന്നിലെ ഉത്തരവിൽ 10.10.2006നു ശേഷമുള്ള താത്കാലിക ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്താൻ സാധിക്കില്ല എന്ന് പറഞ്ഞിട്ടില്ലയെന്നും, കൂടാതെ അപേക്ഷകനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച രേഖകളുടെ അഭാവത്തിലാണ് സ്ഥിരപ്പെടുത്താനുള്ളവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതെന്നും എന്നാൽ പിന്നീട് രേഖകൾ ബന്ധപ്പെട്ട ഓഫീസിൽ നിന്നും കണ്ടെത്തിയതോടുകൂടി വകുപ്പിൽ സ്ഥിരപ്പെടാൻ അർഹനായിരുന്നുവെന്നും, രേഖകൾ കണ്ടെത്തുന്നതിനുണ്ടായ കാലതാമസം ഉണ്ടായിരുന്നില്ലായെങ്കിൽ വകുപ്പിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയവരുടെ കൂട്ടത്തിൽ അപേക്ഷകനും ഉൾപ്പെടുമായിരുന്നുവെന്നും ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം നാലിലെ സർക്കാർ ഉത്തരവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, ഇക്കാര്യത്തിൽ ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ സമർപ്പിച്ച പരാമർശം മൂന്നിലെ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അപേക്ഷകനെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം പരിഗണിക്കണമെന്നും, കൂടാതെ അപേക്ഷകൻ വകുപ്പിൽ സ്ഥിരപ്പെടുന്നതിനു അർഹനാണെന്ന് കണ്ടെത്തുകയാണെങ്കിൽ, എതിർ കക്ഷികളുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസമോ, ഉമാദേവി കേസിലെ കോടതി വിധിയോ ടിയാനെ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനു തടസ്സമാവില്ല എന്നും ആയതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ച രണ്ടു മാസത്തിനകം ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാറിന് ട്രിബ്യൂണൽ നിർദ്ദേശം നൽകി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ബഹു ട്രിബ്യൂണലിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. വി. സ്റ്റീഫൻ വകുപ്പിൽ സ്ഥിരപ്പെടുവാൻ അർഹനാണെന്ന് കടുത്തുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ 21/06/1993

മുതൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീ. കെ. വി സ്റ്റീഫനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകിക്കൊണ്ടും പരാമർശം അഞ്ചിലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. കെ വി സ്റ്റീഫനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR. A JAYATHILAK IAS
PRINCIPAL SECRETARY

<u>പകർപ്പ്</u>

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. കെ. വി സ്റ്റീഫൻ, കൊരട്ടിക്കുന്നേൽ ഹൗസ്,മലിപ്പാറ വില്ലേജ്,കോതമംഗലം, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 3031, തീയതി 29.05.2019).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SAJEEVAN M K
Date: 2019.05.31 16:30:28 IST
Reason: Approved
സെക്ഷൻ ഓഫീസർ

3031

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 119/എഫ്.1/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീ. കെ. വി. സ്റ്റീഫനെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA (EKM) No.863/2017 -മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/12/2017-ലെ വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27.04.2019 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. പ്രവീൺ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ: ആഷ തോമസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16/05/2019 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/05/2019 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20/05/2019 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 25/05/2019 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീ. കെ. വി സ്റ്റീഫനെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA(EKM) No. 863/2017 -ന്മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/12/2017 -ലെ വിധി നടപ്പാക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ 01/09/2013- ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും, 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 താൽക്കാലിക ജീവനക്കാരെ 14/05/2015 ലെ സ.ഉ (എം.എസ്)29/2015/ വനം, 28/12/2015 ലെ സ.ഉ (എം. എസ്) 110/2015/ വനം എന്നീ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്രീ. കെ. വി. സ്റ്റീഫൻ 21/06/1993 മുതൽ മസ്ദൂർ വാച്ചറായി ജോലി ചെയ്തുവരുന്നുവെങ്കിലും 21/06/1993-ൽ ടിയാനെ ജോലിയ്ക്ക് നിയോഗിച്ചത് സംബന്ധിച്ച രേഖകൾ ലഭ്യമല്ലാതിരുന്നതിനാൽ ടിയാനെ മേൽ രണ്ടു ഉത്തരവുകളിൽ നിന്നും ഒഴിവാക്കിയിരുന്നു. പിന്നീട് ടിയാന്റെ സേവനം സംബന്ധിച്ച രേഖകൾ കണ്ടെത്തുകയും ടി രേഖകൾ സഹിതം വകുപ്പിൽ തന്നെ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ സർക്കാർ പരിഗണിച്ച വരവെ അപേക്ഷകൻ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) No. 1426/2016 ആയി കേസ് ഫയൽ ചെയ്യുകയും, ടിയാൻ സർക്കാരിൽ സമർപ്പിച്ച 20.08.2016 തീയതി വച്ച നിവേദനത്തിന്മേൽ, ഉത്തരവ് ലഭിച്ച രണ്ടു മാസത്തിനകം തീരുമാനം എടുക്കുന്നതിനു ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകികൊണ്ടു ബഹു. ട്രിബ്യൂണൽ 22.09.2016- ൽ ടി. കേസ് തീർപ്പാക്കി.

3. ബഹു ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ സമർപ്പിച്ച 20.08.2016 തീയതിയിലെ നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്ന സംബന്ധിച്ച ബഹു സുപ്രീം കോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ 10.04.2006 ലെ വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ആവശ്യം നിരസിച്ചുകൊണ്ട് 24.03.2017- ലെ GO(Rt) No. 101/2017/F&WLD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

4. സർക്കാരിന്റെ മേൽ നടപടിക്കെതിരെ ശ്രീ. കെ വി സ്റ്റീഫൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) No. 863/2017 ആയി വീണ്ടും കേസ് ഫയൽ ചെയ്യുകയും ടി കേസിലെ ബഹു. ട്രിബ്യൂണലിന്റെ 01.12.2017- ലെ അന്തിമ ഉത്തരവ് പ്രകാരം ടി കേസ് ബഹു. ട്രിബ്യൂണൽ തീർപ്പാക്കുകയും ചെയ്തു. ശ്രീ . കെ വി സ്റ്റീഫന്റെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 24.03.2017- ലെ G O (Rt) No. 101/2017/F&WLD നമ്പർ ഉത്തരവിൽ ഉമാദേവി കേസിലെ വിധി സർക്കാർ എടുത്തു പറഞ്ഞിരിക്കുന്നത് അപേക്ഷകന്റെ ആവശ്യം നിരസിക്കുക എന്ന ഉദ്ദേശത്തോടുകൂടി ആണെന്നും, താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി പുറപ്പെടുവിച്ച 28.12.2015 ലെ ഉത്തരവിൽ 10.10.2006 ന ശേഷമുള്ള താത്കാലിക ജീവനക്കാരെ സർവീസിൽ സ്ഥിരപ്പെടുത്താൻ സാധിക്കില്ല എന്ന് പറഞ്ഞിട്ടില്ലയെന്നും, കൂടാതെ അപേക്ഷകനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച രേഖകളുടെ അഭാവത്തിലാണ് സ്ഥിരപ്പെടുത്താനുള്ളവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടതെന്നും എന്നാൽ പിന്നീട് രേഖകൾ ബന്ധപ്പെട്ട ഓഫീസിൽ നിന്നും കണ്ടെത്തിയതോടുകൂടി വകുപ്പിൽ സ്ഥിരപ്പെടാൻ അർഹനായിരുന്നുവെന്നും, രേഖകൾ കണ്ടെത്തുന്നതിനുണ്ടായ കാലതാമസം ഉണ്ടായിരുന്നില്ലായെങ്കിൽ വകുപ്പിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച സ്ഥിരപ്പെടുത്തിയവരുടെ കൂട്ടത്തിൽ അപേക്ഷകനും ഉൾപ്പെട്ടുമായിരുന്നുവെന്നും ട്രിബ്യൂണൽ നിരീക്ഷിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 24.03.2017- ലെ G O (Rt) No. 101/2017/F&WLD

നമ്പർ സർക്കാർ ഉത്തരവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, ഇക്കാര്യത്തിൽ ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ സമർപ്പിച്ച 04.03.2016- ലെ കത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അപേക്ഷകനെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം പരിഗണിക്കണമെന്നും, കൂടാതെ അപേക്ഷകൻ വകുപ്പിൽ സ്ഥിരപ്പെടുന്നതിനു അർഹനാണെന്ന് കണ്ടെത്തുകയാണെങ്കിൽ, എതിർ കക്ഷികളുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസമോ, ഉമാദേവി കേസിലെ കോടതി വിധിയോ ടിയാനെ വകുപ്പിൽ സ്ഥിരപ്പെടുത്തുന്നതിനു തടസ്സമാവില്ല എന്നും ആയതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ച രണ്ടു മാസത്തിനകം ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാറിന് ട്രിബ്യൂണൽ നിർദ്ദേശം നൽകി.

5. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു ;

" ദിവസവേതനക്കാരായി സേവനം അനുഷ്ഠിച്ചതും 20 വർഷം സേവന കാലാവധി പൂർത്തിയാക്കിയതുമായ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ സർക്കാർ നയപരമായി തീരുമാനം എടുത്തിരുന്നു. 28.12.2015 ലെ G O (Ms) No. 110/2015/ F&WLD നമ്പർ ഉത്തരവിലൂടെ ടി തീരുമാനം നടപ്പിലാക്കുകയും ചെയ്തു. എന്നാൽ രേഖകൾ കണ്ടെത്താൻ താമസിച്ച എന്ന കാരണത്താൽ 20 വർഷം സേവനം പൂർത്തിയാക്കിയതും 56 വയസ്സ് തികയാത്തതുമായ അപേക്ഷകനെ സ്ഥിരപ്പെടുത്തുന്നവരുടെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയാണ് ഉണ്ടായത്. ബന്ധപ്പെട്ട ഓഫീസിലുണ്ടായ വീഴ്ചമൂലമാണ് നിയമപരമായി അർഹതപ്പെട്ട സ്ഥിരം നിയമനം ലഭിക്കാതിരുന്നത്. അതിനാൽ OA(EKM) No. 863/2017- ന്റെ 01.12.2017- ലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ലെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ് ."

6. ഉത്തരവിന്റെ പകർപ്പ് കിട്ടി രണ്ട് മാസത്തിനകം ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കണമെന്നാണ് ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നത്.

19/12/2017 ലാണ് ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭിച്ചത്. അതു പ്രകാരം 18/2/2018-ന് ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു. എന്നാൽ സമയബന്ധിതമായി ഉത്തരവ് നടപ്പിലാക്കാൻ കഴിയാത്തതിനാൽ 19/2/2018 മുതൽ 6 മാസത്തെ സാവകാശം കൂടി അവശ്യപ്പെട്ട് 15/2/2018-ൽ ബഹു. ട്രിബ്യൂണൽ മുമ്പാകെ എക്സ്റ്റൻഷൻ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. ടി 6 മാസ കാലാവധിക്കുള്ളിലും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതിനാൽ 19/8/2018 മുതൽ 6 മാസം കൂടി സമയം ആവശ്യപ്പെട്ട് ഒരു എക്സ്റ്റൻഷൻ പെറ്റീഷൻകൂടി ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇനിയൊരു എക്സ്റ്റൻഷൻ അനുവദിക്കില്ല എന്ന വ്യവസ്ഥയിലാണ് ആദ്യം ഫയൽ ചെയ്ത എക്സ്റ്റൻഷൻ പെറ്റീഷൻ ട്രിബ്യൂണൽ അനുവദിച്ചത് എന്നതിനാൽ ഇനിയും എക്സ്റ്റൻഷൻ ഫയൽ ചെയ്യാൻ നിർവ്വാഹമില്ല എന്നും, അതിനാൽ ഉത്തരവ് നടപ്പിലാക്കുവാനും അഡ്വക്കേറ്റ് ജനറൽ അറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

7. തുടർന്ന് മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത നിലനിൽക്കുന്നതിനാൽ ചീഫ് സെക്രട്ടറി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയുണ്ടായി. തുടർന്നുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ 03/03/2018 തീയതിയിലെ സ.ഉ.(പി) നം. 31/2018/ധന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് ഇളവുവരുത്തി, ***മന്ത്രിസഭാ തീരുമാനത്തിന് വിധേയമായി*** 28/12/2015-ലെ G.O.(MS) No. 110/2015/F&WLD നമ്പർ പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയ

ജീവനക്കാർക്കൊപ്പം ശ്രീ. കെ. വി. സ്റ്റീഫനെ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾക്ക പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "

8. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ വി സ്റ്റീഫനെ സ്ഥിരപ്പെടുത്താമോ എന്ന കാര്യത്തിൽ ഫയൽ സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണയ്ക്ക സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി വീണ്ടും ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

OA (EKM) 863/17 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/12/2017-ലെ വിധിയനുസരിച്ച്, വനം വകുപ്പിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ 21/06/1993 മുതൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തുവരുന്ന ശ്രീ. കെ വി സ്റ്റീഫനെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ?

- ശ്രീ. കെ വി സ്റ്റീഫനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-05-2019

ഫയൽ നം.119/എഫ്1/2017/വനം      ഇനം നം: 3031

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ തട്ടേക്കാട് പക്ഷി സങ്കേതത്തിൽ ദിവസവേതന മസ്ദൂർ വാച്ചർ ആയി ജോലി ചെയ്തു വരുന്ന ശ്രീ. കെ. വി. സ്റ്റീഫനെ വകുപ്പിൽ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫയൽ ചെയ്ത OA(EKM) No.863/2017- മേലുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01/12/2017-ലെ വിധി നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.